സ്കൂൾ കെട്ടിടങ്ങൾ

162 [16] ശ്രീ. പി. സി. ആദിച്ചൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തൂർ താലൂക്കിൽ ഓരോ പഞ്ചായത്തിലും പുതിയ കെട്ടിടങ്ങൾ ഉണ്ടാകേണ്ട സ്കൂളുകൾ ഏതെല്ലാം;

(ബി) ഇവയിൽ എത്ര സ്കൂൾ കെട്ടിടങ്ങൾ 1964-65 ബഡ്ജറ്റ് വർഷത്തിൽ തീർക്കാൻ പണം നീക്കിവയ്ക്കാൻ ഉദ്ദേശിക്കുന്നുണ്ട്?

ഉത്തരം

(എ) വിവരം ശേഖരിച്ചു വരുന്നു.

(ബി) 28 സ്കൂൾ കെട്ടിടങ്ങൾക്ക്.

കുന്നത്തൂർ താലൂക്കിൽ ഹരിജനക്ഷേമവകുപ്പിൽനിന്നും അനുവദിച്ച വീടുകൾ.

163 [17] ശ്രീ. പി. സി. ആദിച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തൂർ താലൂക്കിൽ ഓരോ പഞ്ചായത്തിലും ഹരിജന ക്ഷേമ വകുപ്പിൽനിന്നും 1957 മുതൽ അനുവദിച്ചിട്ടുള്ള വീടുകൾ എത്ര;

(ബി) ഇതിൽ 800 രൂപാവീതം അനുവദിച്ചതെത്ര;

(സി) ഓരോ പഞ്ചായത്തിലും അനുവദിച്ച വീടുകൾ പട്ടികജാതിയിൽ ഏതേതു് സമുദായത്തിൽപ്പെട്ടവർക്കാണു്?

ഉത്തരം.

(എ) 1957 മുതൽ 1963-64 വരെ ഹരിജനക്ഷേമവകുപ്പിൽനിന്നും കുന്നത്തൂർ താലൂക്കിലേക്കു് 80 വീടുകൾ അനുവദിച്ചിട്ടുണ്ടു്. പഞ്ചായത്തും ജാതിയും തിരിച്ചുള്ള പട്ടിക മേശപ്പുറത്തു വച്ചിട്ടുണ്ടു് *

(ബി) 800 രൂപാവീതം 45 വീടുകളും 1000 രൂപാവീതം 40 വീടുകളും അനുവദിച്ചു.

(സി) എ. ഭാഗം ചോദ്യത്തിന്റെ ഉത്തരത്തിൽ പറഞ്ഞിട്ടുള്ള പട്ടിക നോക്കുക.

പെൺകുട്ടികൾക്കു് ഫീസു് സൌജന്യം.

164 [18] ശ്രീ. പി. സി. ബാലകൃഷ്ണൻ നമ്പ്യാർ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) രക്ഷകർത്താക്കളുടെ വരുമാനം നോക്കാതെ പെൺകുട്ടികൾക്കു് എസ്. എസ്. എൽ.സി.വരെ ഫീസു് സൌജന്യമാക്കാനുള്ള വിദ്യാഭ്യാസ പരിഷ്കാരം നടപ്പിലാക്കാൻ ആലോചനയുണ്ടോ;

(ബി) ഇതിനു് ഗവണ്മെന്റിനു് എന്തുമാത്രം കൂടുതൽ ചെലവു വേണ്ടിവരും?

ഉത്തരം

(എ) ഇല്ല.

(ബി) എന്തുമാത്രം കൂടുതൽ ചെലവു വേണ്ടിവരുമെന്നു് കണക്കാക്കിയിട്ടില്ല.

---

* Appendix IX.

LIBRARY ARCHIVES Kerala Legislative Assembly